**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീ. കെ. രാജൻ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീമതി സി. കെ. ആശ** | | **Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം മുൻഗണന നല്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വിലയിരുത്തലിലൂടെ കണ്ടെത്തിയ ഏറ്റവും പ്രധാനമായ കാര്യം പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണപരമായ ഇടപെടലുകളിലൂടെ ഇക്കഴിഞ്ഞ 5 വർഷങ്ങളിലായി പൊതുവിദ്യാഭ്യാസ രംഗത്ത് പുതുതായി 6.79 ലക്ഷം കുട്ടികൾ എത്തിച്ചേർന്നിട്ടുണ്ട് എന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി, ഹൈടെക് ലാബ് പദ്ധതി, സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഓരോ മണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഓരോ സർക്കാർ സ്കൂളിലും 5 കോടി രൂപ വീതം ചെലവഴിച്ചുള്ള പദ്ധതി തുടങ്ങിയവയുടെ അവലോകനം ബഹു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ചുള്ള ആന്തരിക വിലയിരുത്തൽ നടന്നിട്ടുണ്ട്. മിഷൻ യോഗങ്ങളിലും, കർമ്മസേനാ യോഗങ്ങളിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. ഈ വിലയിരുത്തലുകളിൽ കണ്ടെത്തിയ വസ്തുതകൾ താഴെപ്പറയുന്നവയാണ് : ഭൗതിക സൗകര്യ വികസനത്തിൽ മുമ്പൊന്നുമില്ലാത്ത മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. അക്കാദമിക കാര്യങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതത് മേഖലകളിൽ കൂടുതൽ മികവിലേക്കെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി. കേന്ദ്ര മാനവ വികസന മന്ത്രാലയം തയ്യാറാക്കിയ വിവിധ വർഷങ്ങളിലെ പ്രകടന ഗ്രേഡിങ് സൂചിക (പെർഫോമൻസ് ഗ്രേഡിങ് ഇന്റക്സ്) സൂചിപ്പിക്കുന്നത് പ്രകാരം 2018-19 വർഷത്തിലെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | മുൻകാലങ്ങളേക്കാൾ മെച്ചപ്പെട്ടു. 2019-20 ൽ വീണ്ടും മുന്നേറി. ഈ രണ്ട് വർഷങ്ങളിലും ദേശീയ തലത്തിൽ ഒന്നാമതാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ പ്രാപ്യത സാർവ്വത്രികമാക്കിയ രാജ്യത്തിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്.എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലേയ്ക്കുള്ള ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലേയ്ക്കുള്ള ഹൈടെക് ലാബ് പദ്ധതിയും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തിരം പൂർത്തിയാക്കി. കൂടാതെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് 65 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി. 9 സ്കൂളുകളുടെ നിർമാണം 90%ത്തിലധികം പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന 141 വിദ്യാലയങ്ങളിൽ 5 കോടി രൂപവീതവും , അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും 3 കോടി രൂപ, 1 കോടി രൂപ വീതവും അനുവദിച്ച് കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരികയാണ്. കിഫ്ബി ധനസഹായത്തോടെ 973 സർക്കാർ വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 110സ്കൂളുകളുടെ കെട്ടിടങ്ങൾ ഇതിനകം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 321കെട്ടിടങ്ങൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 542വിദ്യാലയങ്ങൾ ടെണ്ടർ ചെയ്യുന്നതിന് മുമ്പ് നടക്കേണ്ട പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളും അവയുടെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (സി) | ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ |

| | | | |
|---|---|---|---|
| | | | വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകൽപന ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും സമഗ്രവികാസം ലക്ഷ്യം വച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാ സൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും 'സമഗ്ര' വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. |
| (ഡി) | ആധുനിക ലോകത്തിലെ മാറ്റങ്ങൾക്കനുസൃതമായി പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രൈമറിതലം മുതൽ പുത്തൻ സാങ്കേതിക വിദ്യകൾ പരിചയിക്കുന്നതിനുള്ള അവസരവും സാങ്കേതിക ഉപകരണങ്ങളിലുള്ള പ്രായോഗിക പരിചയം നല്കുന്നതിനാവശ്യമായ സൗകര്യങ്ങളും നല്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ലഭ്യമാക്കാൻ കഴിയുന്ന എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സ്കൂളുകളിൽ 'ഹൈടെക് സ്കൂൾ പദ്ധതി' എന്ന പേരിൽ ക്ലാസ് മുറികളിൽത്തന്നെ ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന 'ഹൈടെക് ലാബ് പദ്ധതി'യും നടപ്പിലാക്കി. ഉപകരണങ്ങളും സൗകര്യങ്ങളും സ്കൂളുകളിൽ വിന്യസിക്കുന്നതിനോടൊപ്പം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനായാസം അവ ഉപയോഗിക്കുന്നതിനും പഠന പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേക പരിശീലനങ്ങളും കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.സാങ്കേതിക ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ